## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1804 **15.07.2016-**ൽ മറുപടിക്ക്

**പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കു ലഭിച്ച സ്ഥലം വിൽക്കാൻ പാടില്ലെന്ന നിയമം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് ജന്മാവകാശമായി ലഭിച്ചതോ സർക്കാരിൽ നിന്ന് പട്ടയം ലഭിച്ചതോ ആയ സ്ഥലം വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തേക്കാണ് വിലക്ക് എന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ജന്മാവകാശമായി ലഭിച്ച ഭൂമി വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലില്ല. എന്നാൽ സർക്കാരിൽ നിന്ന് പട്ടയം ലഭിച്ചതോ പട്ടികജാതി വികസന വകുപ്പിൽ നിന്ന് ധനസഹായം കൈപ്പറ്റി വാങ്ങിയതോ ആയ ഭൂമി വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലുള്ളതും എന്നാൽ ഗുണഭോക്താക്കളുടെ കാലശേഷം പ്രാബല്യത്തിൽ വരത്തക്ക വിധം അനന്തരാവകാശികളിൽ ഒരാൾക്ക് കൈമാറാവുന്നതാണ് എന്ന് വ്യവസ്ഥയുള്ളതുമാണ്.<br>പട്ടികവർഗ്ഗക്കാർക്ക് ജന്മാവകാശമായി ലഭിച്ചതോ സർക്കാരിൽ നിന്ന് പട്ടയം ലഭിച്ചതോ ആയ സ്ഥലം പട്ടികവർഗ്ഗക്കാരല്ലാത്തവർക്ക് വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലുണ്ട്. വിലക്കിന് നിശ്ചിത കാലാവധി നിശ്ചയിച്ചിട്ടില്ല |
| (ബി) | പ്രസ്തുത നിയമ തടസ്സം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനു എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമി അന്യാധീനപ്പെടുന്നത് തടയുന്നതിനായി ഉൾപ്പെടുത്തിയിട്ടുള്ള മേൽ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. |

Rashmi

സെക്ഷൻ ഓഫീസർ